ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി അന്വേഷണം നടത്തി വരുന്നു. നികുതി സംബന്ധമായ ആക്ഷേപങ്ങളെക്കുറിച്ച് നികുതി വകുപ്പ് സെക്രട്ടറിയും അന്വേഷിച്ചുവരുന്നു.

(ബി) നികുതി നിർണ്ണയം പൂർത്തിയാകാത്തതിനാൽ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൻ നിന്ന് പിരിച്ചെടുക്കാനുള്ള തുക എത്രയാണെന്ന് കൃത്യമായി ഇപ്പോൾ പറയുവാൻ കഴിയില്ല.

(സി) 526.09 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. കോടതിവിധിയിലൂടെയും സ്റ്റേ മൂലവും നികുതി പിരിവിൽ തടസ്സം നേരിട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) നിലവിൽ സ്റ്റേ ഇല്ലെങ്കിലും ഇടയ്ക്കിടെ കോടതിവിധി കളിൽ മാറ്റം വരികയും സ്റ്റേ നിലവിൽ വരികയും ചെയ്യുന്നതിനാൽ ഫലപ്രദമായി നികുതി പിരിച്ചെടുക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(എഫ്) ഗൗരവമായി പരിഗണിച്ചുവരുന്നു.

പൊതുകമ്പോളത്തിലെ അരിയുടെ വിലവർദ്ധന

*10 [214] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുകമ്പോളത്തിൽ അരിയുടെ വില വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന്ധ്രയിൽ നിന്നും പൊതുമാർക്കറ്റുകളിലേക്കുള്ള അരിയുടെ വരവ് നിലച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ആന്ധ്ര സർക്കാർ മറ്റ് സംസ്ഥാനങ്ങളിലേക്ക് അരി കൊണ്ടു പോകുന്നത് നിയന്ത്രിച്ചതുമൂലം സംസ്ഥാനത്തേയ്ക്കുള്ള അരിയുടെ വരവ് കുറഞ്ഞത് പരിഹരിക്കാൻ ആന്ധ്ര ഗവൺമെന്റുമായി സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെടുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ചില്ലറ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുള്ളതല്ലാതെ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) നിയന്ത്രണങ്ങൾ നിലവിലില്ല എന്ന് ആന്ധ്ര സർക്കാർ തന്നെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly